മുൻകാലങ്ങളിലെപ്പോലെ ജൂൺ 15 മുതൽ ജൂലൈ 31 വരെയുള്ള 47 ദിവസത്തെ ട്രോളിംഗ് നിരോധനമാണ് നടപ്പിലാക്കുന്നത്. ഇക്കാലയളവിൽ പരമ്പരാഗത മത്സ്യ ബന്ധനയാനങ്ങൾക്ക് ടെറിട്ടോറിയൽ മേഖലയിൽ മത്സ്യബന്ധനം നടത്താവുന്നതാണ്.

(ബി) ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽരഹിതരാകുന്ന മത്സ്യ തൊഴിലാളികൾക്ക് സൗജന്യ റേഷൻ വിതരണം ചെയ്യുന്നതിനായി 2015-16 സാമ്പത്തിക വർഷം 2405-00-800-34 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ട്രോൾബാൻ കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി സമ്പാദ്യസമാശ്വാസ പദ്ധതിപ്രകാരം ഇക വിതരണം ചെയ്യുന്നതിനായി 2405-00-800-75 (പ്ലാൻ) എന്ന ശീർഷകത്തിൽ 2015-16 സാമ്പത്തിക വർഷം 24 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ചാലക്കുടി നഗരസഭയിൽ ആധുനിക മത്സ്യമാർക്കറ്റ്

108 (1813) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി നഗരസഭയിൽ ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിന് ഫിഷറീസ് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2006-07 സാമ്പത്തിക വർഷം ചാലക്കുടി മത്സ്യമാർക്കറ്റിന്റെ പണികൾക്കായി 14 ലക്ഷം രൂപ അനുവദിച്ചതിൽ 12,74,137 രൂപ ചെലവഴിച്ച് മാർക്കറ്റിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ട്. 2010-11 സാമ്പത്തിക വർഷത്തിൽ 8,84,492 രൂപ ചെലവഴിച്ച് മാർക്കറ്റിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയിട്ടുണ്ട്.

കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

109 (1814) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധന തുറമുഖ വകുപ്പ് കാഞ്ഞങ്ങാട് മണ്ഡലത്തിൽ 2011 ജൂണിനു ശേഷം നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly